(ബി) കൃത്യമായി വാടക അടച്ചുതീർക്കാത്ത കേബിൾ ഓപ്പറേറ്റർമാർക്കെതിരെ നടപടിയെടുക്കുന്നതിന് വ്യവസ്ഥയുണ്ടോ;

(സി) കേബിൾ ടി.വി. ഓപ്പറേറ്റർമാരായ ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ് ഇലക്ട്രിസിറ്റി ബോർഡിന് ലഭിക്കാനുള്ള വാടകയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഉണ്ടെങ്കിൽ, വാടകക്കുടിശ്ശിക വരുത്തിയതിന് ഇവർക്കെതിരെ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ;

(ഇ) വാടക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഗ്രാമപ്രദേശങ്ങളിൽ ഒരു പോസ്റ്റിന് 54 രൂപയും നഗരപ്രദേശങ്ങളിൽ ഒരു പോസ്റ്റിന് 108 രൂപയും വാർഷിക വാടകയായി ഈടാക്കിവരുന്നു.

(ബി) ഉണ്ട്.

(സി ആന്റ് ഡി) ഉണ്ട്. വാർഷിക വാടക നിരക്ക് സംബന്ധിച്ച് ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസുമായി ബഹു. ഹൈക്കോടതിയിൽ കേസ്സ് നിലവിലുണ്ട്. പ്രസ്തുത കേസിലെ ഇടക്കാല ഉത്തരവുപ്രകാരം ഏഷ്യാനെറ്റ് 2 കോടി രൂപ അടച്ചിട്ടുണ്ട്. തർക്കം കോടതിയുടെ പരിഗണനയിലായതിനാൽ ശേഷിക്കുന്ന തുക ഈടാക്കാനുള്ള തുടർനടപടികൾ കൈക്കൊള്ളുവാൻ സാധിക്കുന്നില്ല.

(ഇ) ഹൈക്കോടതിയുടെ പരിഗണനയിലുള്ള കേസ് വേഗം തീർപ്പാക്കികിട്ടുന്നതിന് നടപടി സ്വീകരിക്കുവാൻ ബോർഡിന്റെ അഭിഭാഷകർക്ക് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്.

വൈദ്യുതി പോസ്റ്റുകൾ ഉപയോഗിക്കുന്ന കേബിൾ ടി. വി. ഓപ്പറേറ്റർമാർ

54 [372] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പോസ്റ്റുകളും ലൈനും ഉപയോഗിക്കുന്നതിന് കേബിൾ ടി.വി. ഓപ്പറേറ്റർമാരിൽനിന്നും ഈടാക്കുന്ന വാടക എത്രയാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതൊക്കെ കേബിൾ ടി. വി. ഓപ്പറേറ്റർമാരാണ് വൈദ്യുതി ബോർഡിന്റെ സേവനം ഉപയോഗിക്കുന്നതെന്നും, ആർക്കൊക്കെയാണ് ഇതിനുള്ള അനുമതി നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) ഓരോ വർഷവും വൈദ്യുതി ബോർഡിന് ഈ ഇനത്തിൽ ലഭിക്കുന്ന വരുമാനം എത്രയാണെന്നും കഴിഞ്ഞ വർഷങ്ങളിലെ വരുമാനം, കുടിശ്ശിക എന്നിവ എത്രയാണെന്നും വിശദീകരിക്കുമോ;

(ഡി) കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഇ) ഇന്ന് നിലവിലുള്ള താരിഫ് എത്ര; ഈ താരിഫ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വർദ്ധനവ് എന്നും എന്നുമുതലാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കാമോ;

(എഫ്) പ്രാദേശിക ചാനലുകൾ നടത്തുന്ന കേബിൾ ടി.വി. ഓപ്പറേറ്റർമാർക്ക് പുതിയ വർദ്ധനവ് താങ്ങാൻ കഴിയില്ല എന്ന അവരുടെ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമീണമേഖലകളിൽ 54 രൂപയും നഗരപ്രദേശങ്ങളിൽ 108 രൂപയും പോസ്റ്റൊന്നിന് വാർഷിക വാടക ഈടാക്കുന്നുണ്ട്.

(ബി) ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡും, മറ്റു പ്രാദേശികമായി നടത്തുന്ന കേബിൾ ടി.വി. ഓപ്പറേറ്റർമാരും ഉൾപ്പെടെ ആകെ 1042 പേർക്കാണ് അനുമതി നൽകിയിട്ടുള്ളത്.

(സി)

വർഷം		വരുമാനം (രൂപ)
2002-2003	. .	74,95,247
2003-2004	. .	76,53,945
2004-2005	. .	79,79,538
കുടിശ്ശിക	. .	2.687 കോടി രൂപ

(ഡി) ഇലക്ട്രിക് പോസ്റ്റുകൾ ഉപയോഗിക്കുന്നതിന് വാടക കുടിശ്ശിക വരുത്തുന്നവരുടെ കേബിളുകൾ പോസ്റ്റിൽനിന്നും അഴിച്ച് മാറ്റി റവന്യൂ റിക്കവറി നടപടികൾ കൈക്കൊള്ളുന്നുണ്ട്. എന്നാൽ വാടക സംബന്ധിച്ച് പല കേസുകളും നിലവിലുണ്ട്.

(ഇ ആന്റ് എഫ്) താരിഫ് വർദ്ധനവ് ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly